## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് – ഡോ.ഹസീബ എം **(Dr.Haseeba.M)PEN:987102 Casualty Medical Officer** - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1.Letter No.DMOH-KKD/7352/2024-A6 Dated:12.10.2024**

2.കാരണം കാണിക്കൽ നോട്ടീസ് നം **DHS/24390/2024-EA3** തീയതി**12.12.2025**

3.ഡോ.ഹസീബ എം സമർപ്പിച്ച അപേക്ഷ തീയതി **29.12.2025**

### ഉത്തരവ് നം. DHS/24390/2024-EA3 തീയതി.06-06-2026

1. ഡോ.ഹസീബ എം **(Dr.Haseeba.M)PEN:987102 Casualty Medical Officer 07.06.2024** ന് ആരോഗ്യ വകുപ്പിൽ പ്രവേശിച്ച വ്യക്തിയാണ്. കോഴിക്കോട് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ **Casualty Medical Officer** തസ്തികയിൽ സേവനത്തിൽ തുടരവെ **06.07.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം **(1)** പ്രകാരം കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് **(work and conduct)** തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം **(2)** പ്രകാരം നോട്ടീസ് നൽകി.

2. പ്രസ്തുത നോട്ടീസിന് പരാമർശം **(3)** പ്രകാരം ടിയാൾ മറുപടി

സമർപ്പിച്ചു. സീനിയർ റെസിഡൻസി ചെയ്യുന്നതിനായി ശൂന്യവേതനാവധിക്കു അപേക്ഷിക്കുകയും എന്നാൽ അപേക്ഷ നിരസിക്കുകയും ചെയ്തിരുന്നു .എന്നാൽ സീനിയർ റെസിഡൻസി തുടരുകയാണ് ചെയ്തത് .വ്യക്തിപരമായ കാരണങ്ങളാൽ ജോലിയിൽ തുടരുവാൻ കഴിയുകയില്ലയെന്നും അതിനാൽ തന്റെ രാജി അപേക്ഷ സ്വീകരിക്കണമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട് .

3. ഡോ.ഹസീബ എം സമർപ്പിച്ച മറുപടി വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ സീനിയർ റെസിഡൻസി ക്കു വേണ്ടിയുള്ള NOC അപേക്ഷ നിരസിച്ചതിനുശേഷം അനുവാദം കൂടാതെ സീനിയർ റെസിഡൻസി തുടരുന്നതിനായി പോകുകയും ചെയ്ത ഡോ.ഹസീബ എം 06.07.2024 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുകയാണ് .വളരെക്കാലം അനധികൃത ഹാജരില്ലായ്മയിൽ തുടർന്നിട്ട്, ആയതിനു കാരണം കാണിക്കൽ നോട്ടീസ് നൽകിയപ്പോൾ മാത്രം രാജി അപേക്ഷ നൽകുന്നത് അംഗീകരിക്കുവാൻ കഴിയുകയില്ല .ആയതിനാൽ കാരണം കാണിക്കൽ നോട്ടീസ് നു ടിയാൽ നൽകിയ മറുപടി തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു .

4.ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

5. ടി സാഹചര്യത്തിൽ 06.07.2024 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.ഹസീബ എം, Casualty Medical Officer ന്റെ വർക്ക് ആൻ്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

6. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ.ഹസീബ എം,

**Casualty Medical Officer** ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 06-06-2026
21:11:30

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

**സ്വീകർത്താവ്,**

**Dr.Haseeba M**

**Thazhathu Veedu**

**Vydiarangadi (P.O)**

**Ramanattukara**

**Kozhikode**

**PIN:673633**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കോഴിക്കോട്
3. സൂപ്രണ്ട്,താലൂക്ക് ആശുപത്രി കുറ്റ്യാടി,കോഴിക്കോട്

   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ